## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3620** 20.06.2018 - ൽ മറുപടിയ്ക്ക്

**ഡോ. ജയകുമാറിന്റെ സർവ്വീസ് ആനുകൂല്യങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.മോൻസ് ജോസഫ് :** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും ഓർത്തോപീഡിക്ക് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ആയി വിരമിച്ച ഡോ.ജയകുമാറിന്റെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കാത്തത് സംബന്ധിച്ച് ഇപ്പോൾ സർക്കാരിന്റെ പക്കലുള്ള C2/668472/2017/Vig, B1/633/2017/H&FW നമ്പർ ഫയലുകളിൽ ഇതുവരെ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ; | (എ) ഡോ.ജയകുമാറിനെതിരായി വിജിലൻസ് കേസും അതു സംബന്ധിച്ച അച്ചടക്ക നടപടികളും നിലനിന്നിരുന്നതിനാലാണ് സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കാതിരുന്നത്. വിജിലൻസ് കോടതിയുടെ അന്തിമ ഉത്തരവ് വിജിലൻസ് വകുപ്പിന് ലഭ്യമായിട്ടില്ലാത്ത-തിനാൽ പ്രസ്തുത വകുപ്പിന്റെ C2/668472/2017/Vig നമ്പർ ഫയൽ തീർപ്പാക്കിയിട്ടില്ല. എന്നാൽ ഡോ.ജയകുമാറിനെ കുറ്റവിമുക്ത-നാക്കിക്കൊണ്ടുള്ള വിജിലൻസ് കോടതിയുടെ 11.07.2016 ലെ അന്തിമ ഉത്തരവ് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നേരിട്ട് ലഭിച്ചതിനെത്തുടർന്ന് ടി ഡോക്ടർക്കെതിരെ ആരംഭിച്ചിരുന്ന അച്ചടക്ക നടപടികൾ ഉപേക്ഷിച്ചുകൊണ്ട് 13.06.2018 ലെ സ.ഉ.(സാധാ) നം.1887/2018/ആകുവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ B1/633/2017/H&FW നമ്പർ ഫയൽ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഡോ. ജയകുമാറിനെ വിജിലൻസ് കുറ്റവിമുക്തനാക്കിയിട്ടുണ്ടോ; എങ്കിൽ ക്ലീയറൻസ് നൽകിയിട്ടുണ്ടോ; ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ബഹു.വിജിലൻസ് ട്രിബ്യൂണൽ 11.07.2016 ലെ ഉത്തരവ് പ്രകാരം ഡോ.ജയകുമാറിനെ കുറ്റവിമുക്തനാക്കി ക്ലീയറൻസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ